

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM, KOTTAYAM 686 ... KERALA PHONE 8234

വാല്യം 5 | വള്ളിക്കാട്ടു സപ്ലിമെന്റ് | 1988 ഡിസംബർ | ലക്കം 37


# വള്ളിക്കാട്ട് ദയറാ; സഭയുടെ ആത്മീയ സിരാകേന്ദ്രം

ജോൺ കക്കാട്ട്

1975.

ബാഹ്യകേരള ഇടവകയുടെ വട്ടക്കുന്നേൽ മാത്യൂസ് മാർ അത്തനാസ്യോസ് മലങ്കരയുടെ കാതോലിക്കായായി സ്ഥാനം ഏററ കാലം.

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ കിഴക്കിന്റെ കാതോലിക്കായായി ആ

സഭാതലവന്റെ കബറിടം തികച്ചും അനാഥമായി വാറോല പിടിച്ചു കിടക്കുന്നു. ആരാധനാഗീതങ്ങൾ സംഗീതാത്മകമായ അന്തരീക്ഷത്തിൽ ഒഴുകേണ്ട ദേവാലയം വാവലുകളുടെ ചിറകടിയിൽ ഭീതി ജനിപ്പിച്ചു നില്ക്കുന്നു.

''ചരിത്രത്തിന്റെ ഏടുക

അദ്ധ്യക്ഷനായി ഒരു ബിൽഡിംഗ് കമ്മററിയെ നിയമിച്ചു.

വളരെക്കാലത്തെ വളർച്ചയുടേയും, അതിലേറെക്കാലത്തെ അവഗണനയുടേയും....പിന്നീടുണ്ടായ അത്ഭുതപൂർവ്വമായ ഉയർത്തെഴുന്നേല്പ്പിന്റെയും കഥയാണ്,

ശാന്തിയുടെ കുഞ്ഞോളങ്ങൾ വിശ്വാസികളുടെ ഹൃദയങ്ങളിൽ അലയടിപ്പിച്ചുകൊണ്ട് വാകത്താനം ഗ്രാമത്തിന്റെ കേന്ദ്രബിന്ദുവായി ഇതിനകം മാറിക്കഴിഞ്ഞ വള്ളിക്കാട്ടു ദയറായ്ക്കു പിന്നിലുള്ളത്.

നവീകരണത്തിന്റെ വിഷബീജം മലങ്കര മുഴുവൻ കുത്തിനിറച്ച പാലക്കുന്നത്തു് അത്താനേഷ്യോസും ഒരിക്കൽ വാകത്താനം വലിയ പള്ളിയിലും എഴുന്നള്ളി. സത്യവിശ്വാസത്തിന്റെ നാരായ വേരുകൾ അറുത്തു മാററുവാൻ മററു സ്ഥലങ്ങളിലെന്നപോലെ വാകത്താനത്തും അദ്ദേഹം പടയെ സജ്ജമാക്കി ഈ നീക്കത്തെ സുധീരം ചെറുത്തു തോല്പിക്കുവാൻ മലങ്കര സഭാസ്നേഹികളായ ഏതാനും ചില കുടുംബക്കാർ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ മാർ ദീവന്ന്യാസ്യോസ് തിരുമനസിലെ സഹകരണത്തോടുകൂടി വാകത്താനം 'അയ്യനാട്ടുകുന്നിൽ' ഒരു ദേവാലയം പണിതുയർത്തി വാകത്താനം വലിയ പള്ളി കഴിഞ്ഞാൽ ആ പ്രദേശത്തെ ഏകദേവാലയം. ദേവാലയ നിർമ്മാണത്തിനു് കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരും, പഴയാററുങ്കൽ ഗീവർഗീസ് കത്തനാരും നേതൃത്വം കൊടുത്തു. 1868—ൽ തിരുവിതാംകൂർ ഗവൺമെന്റ് പ്രസ്തുത ദേവാലയത്തിനു് അനുമതിയും നല്കി. വാകത്താനം വള്ളിക്കാട്ട പള്ളിയായി പിൽക്കാലത്ത് ഈ ദേവാലയം അറിയപ്പെട്ടു. പുലിക്കോട്ടിൽ മാർദീവന്ന്യാസ്യോസ് മെത്രാപ്പോലീത്താ ഈ ദേവാലയത്തിൽ എഴുന്നള്ളിത്താമസിച്ച് ചേരിയിലായി നിന്നിരുന്ന വാകത്താനം വലിയ പള്ളി ഇടവകാംഗങ്ങളെ രമ്യതപ്പെടുത്തുവാനുള്ള ശ്രമങ്ങൾ പല ഘട്ടങ്ങളിലായി നടത്തുകയും ആ ശ്രമങ്ങൾ എല്ലാം തന്നെ ഒരു വലിയ അളവുവരെ വിജയിക്കുകയും ചെയ്തു.

പ്രശ്നങ്ങൾ ഏതാണ്ടൊക്കെ പര്യവസാനിച്ചമട്ടായി.

വാകത്താനം വലിയ പള്ളിയിൽ യോജിപ്പിന്റെ മണിമുഴങ്ങി. മാർ ദീവന്യാസ്യോസ് മെത്രാപ്പോലീത്താ പഴയസെമിനാരിയിലേക്ക് തിരിച്ചെഴുന്നള്ളി. വാകത്താനത്തെ സത്യവിശ്വാസികൾ വീണ്ടും ഒററക്കെട്ടായി ആരാധന നടത്തിത്തുടങ്ങി. നേരത്തെതന്നെ ഇട

ഉണ്ടായി.

1901—ൽ കണ്ടപ്പുരയ്ക്കൽ അച്ചൻ മരിച്ചതോടുകൂടി വള്ളിക്കാട്ട് പള്ളിക്ക് ദുശ്ശകുനം ആരംഭിച്ചു. പള്ളി പൂർണ്ണമായും അനാഥമായി. ഈ നില ഏതാണ്ട് ഏഴുവർഷത്തോളം തുടർന്നു. കർമ്മാദികൾ നടത്തുവാനോ അടിച്ചു വാരി വൃത്തി



കാലം ചെയ്ത പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട്



ശരണം തേടുന്നവർക്ക് ശാന്തി പകരുന്ന കബറിടം

ദ്ധനായപ്പോൾ മലങ്കരയെ നയിച്ച തന്റെ മുൻഗാമികളുടെ കബറിടങ്ങൾ തേടി ചരിത്ര സത്യങ്ങളിൽ നിന്നു് ശക്തിയാർജ്ജിക്കുവാൻ അദ്ദേഹം യാത്രയാരംഭിച്ചു. അങ്ങനെയാണ് പരിശുദ്ധ പിതാവ് മലങ്കരയുടെ രണ്ടാം കാതോലിക്കാ കബറടങ്ങിയ വാകത്താനം വള്ളിക്കാട്ട ദയറായിലും എത്തിയത്.

കുക്കിലിയോനാകളും ധൂപവും സഭയുടെ ആചാര്യന്മാർ മുടങ്ങാതെ ഉയർത്തേണ്ട ആ

ളിൽ നിറഞ്ഞുനില്ക്കുന്ന തന്റെ മുൻഗാമിയുടെ കബറിടം സജീവമാക്കുവാൻ വേണ്ട നടപടികൾ ''സ്വീകരിക്കണം'' മലങ്കരയുടെ മർത്തോമ്മാ മാത്യൂസ് പ്രഥമൻ കതോലിക്കാ ബാവാ തന്റെ മനസ്സിൽ നിശ്ചയം ചെയ്തു.

അതേ വർഷം ഡിസംബർ 17 നു് ആ പുണ്യവാന്റെ ഓർമ്മപ്പെരുന്നാൾ താൻ നേരിട്ട് നടത്തി ദയറാപുനരുദ്ധരിക്കുവാൻ യൂഹാനോൻ മാർസേവേറിയോസ് മെത്രാപ്പോലീത്താ

വകപ്പള്ളി അല്ലാതിരുന്ന വള്ളിക്കാട് ദേവാലയം ക്രമേണ അവഗണിക്കപ്പെട്ട നിലയിലേക്കു നീങ്ങി. എങ്കിലും കണ്ടപ്പുരയ്ക്കൽ അച്ചൻ വല്ലപ്പോഴുമൊക്കെ കുർബ്ബാന ചൊല്ലിവന്നു. ഇതിനിടെ സർക്കാരിൽ നിന്നു് പള്ളിയ്ക്കു് പട്ടയം കിട്ടിയ 2 ഏക്കർ 48 സെന്റ് സ്ഥലത്തു് ഒരു ചാപ്പലും, അന്തേവാസികൾക്കു താമസിക്കുവാൻ ഒരു ഇരുനില മാളികയും കണ്ടപ്പുരയ്ക്കൽ അച്ചന്റെ പരിശ്രമം മൂലം അവിടെ

യാക്കുവാനോ പോലും ആരുമില്ലാത്ത ദുസ്ഥിതിയെന്നു തന്നെ പറയാം.

വാകത്താനം കാരുച്ചിറ പന്നൂസ് കത്തനാർക്ക് ഗീവറുഗീസ് എന്നനാമത്തിൽ റമ്പാനായി സ്ഥാനം നല്കപ്പെട്ടതോടെ വാകത്താനത്തുള്ള സഭാസ്നേഹികളായ പലരും മലങ്കരമെത്രാപ്പോലീത്താ ആയ വട്ടശ്ശേരിൽ തിരുമനസിലെ പക്കൽ അപേക്ഷയുമായെത്തി. 'കാരുചിറ ഗീവറുഗീസ് റമ്പാനെ റ

